(ഇ) പ്രൊഫഷണൽ കോഴ്സുകൾക്കുള്ള സംവരണത്തിന് വാർഷിക വരുമാനപരിധി 1,50,000 രൂപയായി ഉയർത്തിയിട്ടുണ്ട്. എന്നാൽ മറ്റ് ആനുകൂല്യങ്ങൾക്കുള്ള വാർഷികവരുമാനപരിധിയിൽ മാറ്റം വരുത്തുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

ഭിന്നതല പഠന കേന്ദ്രങ്ങൾ

29 (2009) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭിന്നതല പഠന കേന്ദ്രങ്ങൾ എത്ര എണ്ണമുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സ്കൂളിലെ കുട്ടികൾക്ക് പ്രതിദിനം അനുവദിച്ചിട്ടുള്ള ഭക്ഷണ സാധനങ്ങളുടെ അളവ് എത്രയാണെന്ന് വെളിപ്പെടുത്തുമോ ; ഇത് ക്രമമായി കൊടുക്കാറുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) നിലവിലുള്ള അളവ് കുറവായതിനാൽ അത് വർദ്ധിപ്പിക്കുവാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ആറ് ഡി.പി.ഇ.പി. ജില്ലകളിലായി ആകെ 93 ഭിന്നതല പഠന കേന്ദ്രങ്ങൾ നിലവിലുണ്ട്.

(ബി) ഭിന്നതല കേന്ദ്രങ്ങളിൽ ഓരോ കുട്ടിക്കും ഉച്ചഭക്ഷണത്തിനായി പ്രതിദിനം 60 ഗ്രാം അരി, 30 ഗ്രാം പയർ എന്ന തോതിൽ ക്രമമായി നൽകിവരുന്നുണ്ട്.

(സി) സാധാരണ സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് അനുവദിച്ചിരിക്കുന്ന അതേ അളവിൽ തന്നെയാണ് ഭിന്നതല പഠന കേന്ദ്രങ്ങളിലും ഭക്ഷണ സാധനങ്ങൾ നൽകി വരുന്നത്.

ഭിന്നതല പഠന കേന്ദ്രം

30 (2010) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭിന്നതല പഠനകേന്ദ്രത്തിൽ എത്ര വയസ്സ് വരെയുള്ള കുട്ടികളെയാണ് പഠിപ്പിക്കുന്നത് ;

(ബി) ഇവിടെ എത്ര അദ്ധ്യാപകരാണുള്ളത് ; ഈ അദ്ധ്യാപകർക്ക് കൊടുക്കുന്ന അലവൻസ് എത്രയാണ് ;

(സി) ഇവിടെ ഭക്ഷണം പാകം ചെയ്യുന്നതിന് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly